©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

### PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LVI } Thiruvananthapuram, Tuesday | 26th April 2011 / 2011 ഏപ്രിൽ 26 | No. } 912
വാല്യം 56 } തിരുവനന്തപുരം, ചൊവ്വ | 6th Vaisakha 1933 / 1933 വൈശാഖം 6 | നമ്പർ

## കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

### വിജ്ഞാപനം

ജി.ഒ.(എംഎസ്.)നമ്പർ 57/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ഏപ്രിൽ 26.*

**എസ്. ആർ. ഒ. നമ്പർ 282/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ചപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2001 നവംബർ 7-ാം തീയതിയിലെ 1723-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 1005/2001 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള 2001 ഒക്ടോബർ 30-ാം തീയതിയിലെ ജി.ഒ.(ആർറ്റി.) 3243/2001/തൊഴിൽ എന്ന വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം 2010 ഡിസംബർ 16-ാം തീയതിയിലെ 2852-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച 2010 ഡിസംബർ 13-ാം തീയതിയിലെ 28921/ഇ1/2006/തൊഴിൽ എന്ന പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും, നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും, പ്രസ്തുത ആക്ടിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട മിനിമം വേതന ഉപദേശക സമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷവും കേരള സംസ്ഥാനത്തെ വിദേശമദ്യ വ്യാപാരവും വിപണനവും മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം കേരള സർക്കാർ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുന്നു.

## പട്ടിക

## വിദേശമദ്യം

**1. അടിസ്ഥാന മാസ ശമ്പളം**

| ക്രമ നമ്പർ | ജോലി/വിഭാഗം | |
|---|---|---|
| 1. | ഗ്രേഡ് I<br>1. മാനേജർ<br>2. അക്കൗണ്ടന്റ്<br>3. കാഷ്യർ | ₹ 5800.00 |
| 2. | ഗ്രേഡ് II<br>1. റൂട്ട് മാനേജർ/ബിൽ കളക്ടർ<br>2. ചെക്കർ<br>3. കുക്ക്<br>4. ക്ലാർക്ക്<br>5. ഡ്രൈവർ | ₹ 5465.00 |
| 3. | ഗ്രേഡ് III<br>1. സ്റ്റോർമാൻ/സ്റ്റോർ വർക്കർ<br>2. സെയിൽസ്മാൻ/സപ്ലൈയർ<br>3. ട്രാൻസ്പോർട്ട് വർക്കേഴ്സ്<br>4. ഷോപ്പ് മാനേജർ<br>5. ഡിപ്പോ വർക്കേഴ്സ് | ₹ 5210.00 |
| 4. | ഗ്രേഡ് IV<br>1. ഹെൽപ്പർ<br>2. കിച്ചൻ അസിസ്റ്റന്റ്<br>3. ബോയ്/ക്ലീനർ<br>4. വാച്ച്മാൻ | ₹ 4815.00 |

**2. പീസ് റേറ്റ്**

| *ജോലി/ വിഭാഗം* | *അടിസ്ഥാന വേതന നിരക്ക്* | *അദ്ധ്വാന ഭാരം* |
|---|---|---|
| ലേബലിംഗ് വർക്കർ | ലേബൽ ഒന്നിന് 5 പൈസ | ഒരു ദിവസം 4000 ലേബൽ പതിക്കണം |

**3. ക്ഷാമബത്ത**

മേൽപറഞ്ഞ അടിസ്ഥാന വേതനത്തിനു പുറമേ സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതാത് ജില്ലാ കേന്ദ്രത്തിനു വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഉപഭോക്തൃവില സൂചികയിലെ 130 പോയിന്റി

നുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും മാസ ശമ്പളക്കാർക്ക് പ്രതിമാസം 24 രൂപ 30 പൈസ നിരക്കിലും പീസ് റേറ്റ് വേതനക്കാർക്ക് പ്രതിദിനം 90 പൈസ നിരക്കിലും ക്ഷാമബത്ത നൽകേണ്ടതാണ്.

ലേബലിംഗ് തൊഴിലാളികൾക്ക് ഒരാഴ്ചകാലത്തെ അതായത് 6 ദിവസങ്ങളിൽ ഉള്ള ആകെ ഉൽപ്പാദനത്തിന്റെ ശരാശരി എടുക്കുമ്പോൾ വരുന്ന ഓരോ 4000 ലേബൽ ഒട്ടിക്കുന്നതിനും ഓരോ ക്ഷാമബത്ത നൽകേണ്ടതാണ്. ഒരു ദിവസം ഒരു ക്ഷാമബത്തയ്ക്കും ആഴ്ചയിൽ പരമാവധി 6 ക്ഷാമബത്തയ്ക്കും മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ. പ്രവൃത്തി ചെയ്ത ദിവസങ്ങളിൽ മാത്രമേ ക്ഷാമബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

**4. സർവ്വീസ് വെയിറ്റേജ്**

ഒരു സ്ഥാപനത്തിൽ/ഒരു തൊഴിലുടമയുടെ കീഴിൽ തുടർച്ചയായി 5 വർഷത്തിൽ കുറയാത്ത സേവനകാലം പൂർത്തിയാക്കിയ മാസശമ്പളക്കാർക്ക് അവർ പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവന കാലയളവിനും പട്ടികയിൽ പറഞ്ഞ അടിസ്ഥാന വേതനത്തിന്റെ 1 ശതമാനം വീതം പരമാവധി 10 ശതമാനം വരുന്ന തുക സർവ്വീസ് വെയിറ്റേജ് ആയി അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

ഈ വിജ്ഞാപനത്തിൻകീഴിൽ മാസവേതന വിഭാഗക്കാരുടെ ദിവസ വേതനം കണക്കാക്കുന്നതിന് മാസവേതനത്തെ ഇരുപത്തിയാറുകൊണ്ട് ഭാഗിക്കേണ്ടതാണ്.

**5. ഉയർന്ന വേതനത്തിന് സംരക്ഷണം**

മുകളിൽ നിശ്ചയിച്ച വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിച്ചു വരുന്ന തൊഴിലാളികൾക്ക്, തുടർന്നും അങ്ങനെയുള്ള ഉയർന്ന നിരക്കിൽ വേതനം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ബി. വത്സല കുമാരി,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

2001 നവംബർ 7-ാം തീയതിയിലെ 1723-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 1005/2001 ആയി പ്രസിദ്ധീകരിച്ച 2001 ഒക്ടോബർ 30-ാം തീയതിയിലെ ജി.ഒ.(ആർ.ടി.) 3243/2001/തൊഴിൽ എന്ന വിജ്ഞാപനപ്രകാരം, കേരള സംസ്ഥാനത്തെ വിദേശമദ്യ വ്യാപാരവും വിപണനവും മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞകൂലി നിരക്കുകൾ സർക്കാർ പുതുക്കി നിശ്ചയിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനപ്രകാരം നിലവിലുള്ള നിരക്കുകൾ പുതുക്കി നിശ്ചയിക്കുവാൻ ഇപ്പോൾ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 57/2011/LBR. *Dated, Thiruvananthapuram, 26th April, 2011.*

**S. R. O. No. 282/2011.**—In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof, and in supersession of the notification issued under G. O. (Rt.) 3243/2001/LBR dated 30th October, 2001 and published as S.R.O. No. 1005/2001 in the Kerala Gazette Extraordinary No. 1723 dated 7th November, 2001, the Government of Kerala after considering the objections and suggestions received on the draft proposal published under notification No. 28921/E1/06/LBR dated 13th December, 2010 published in the Kerala Gazette Extraordinary No. 2852 dated 16th December, 2010 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the Liquor Trading and Vending in the State of Kerala as specified in the Schedule hereto annexed. The date of publication of this Notification in the Gazette is fixed as the date from which the rates shall come into force.

SCHEDULE

FOREIGN LIQUOR

1. **Monthly Basic Wages**

| *Sl. No.* | *Work/Category* | *Basic Wages* |
|---|---|---|
| (1) | (2) | (3) |
| 1. | *Grade I* | |
| | 1. Manager<br>2. Accountant<br>3. Cashier | ₹ 5800.00 |
| 2. | *Grade II* | |
| | 1. Route Manager/Bill Collector<br>2. Checker<br>3. Cook<br>4. Clerk<br>5. Driver | ₹ 5465.00 |

| (1) | (2) | (3) |
|---|---|---|
| 3. | *Grade III* | |
| | 1. Storeman/Store Worker<br>2. Salesman/Supplier<br>3. Transport Workers<br>4. Shop Manager<br>5. Depot Worker | ₹ 5210.00 |
| 4. | *Grade IV* | |
| | 1. Helper<br>2. Kitchen Assistant<br>3. Boy/Cleaner<br>4. Watchman | ₹ 4815.00 |

**2. Piece Rate**

| *Work/Category* | *Rate of Basic Wages* | *Work load* |
|---|---|---|
| Labelling Worker | 5 paise per Label | Sticking 4000 Labels per day |

**3. Dearness Allowance**

In addition to the basic wages Dearness Allowance shall be paid on the basis of the Consumer Price Index in respect of concerned District Headquarters centre published by the Department of Economics and Statistics for the increase in every point above 130 points in new series ie. 1998-99=100 at the rate of ₹ 24.30 ps. (Rupees twenty four and thirty paise) to the monthly rated employees and at the rate of 90 paise (ninety paise) for the piece rated employees, respectively.

The labeling workers shall be eligible for one Dearness Allowance for sticking 4000 labels and for the purpose average output for a week ie. 6 days may be reckoned. The workers are eligible for one Dearness Allowance for a day subject to a maximum of 6 Dearness Allowance for a week. Dearness Allowance shall be paid only for the days worked.

**4. Service Weightage**

The monthly paid employees who have completed continuous five years or more in an establishment or under an employer shall be allowed service weightage included in their basic wages, at the rate of one percentage of the revised basic pay for every completed year of service, subject to a maximum amount of 10 percentage.

For calculating the daily rate in respect of the category of employees for whom monthly rate is fixed under this notification the monthly rate shall be divided by 26.

**5. Prtotection for Higher Wages**

The employees who are at present getting higher wages than the minimum wages fixed as above, shall continue to be given at such higher rates.

By order of the Governor,

K. B. VALSALA KUMARI,
*Principal Secretary to Government.*

**Explanatory Note**

(This does not form part of the notifiation, but is intended to indicate its general purport.)

Government had earlier revised the minimum rates of wages payable to the employees employed in the Liquor Trading and vending in the State vide G.O. (Rt.) 3243/2001/LBR dated 30th October, 2001 and published as S.R.O. No. 1005/2001 in the Kerala Gazette Extraordinary No. 1723 dated 7th November, 2001. Government have now decided to revise the existing minimum rates of wages in the said sector after inviting objections and suggestions and in consultation with the Minimum Wages Advisory Board constituted for the purpose.

This notification is intended to achieve the above object.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.